പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7165 3.11.2011-ന് മറുപടിയ്ക്ക്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.ബഷീർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതുണ്ടോ; | എ) പരിഷ്ക്കരിക്കേണ്ടതുണ്ട് . |
| ബി) എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) വകുപ്പിന്റെ വിപുലീകരണത്തിനു വേണ്ടിയുള്ള ഒരു റീഓർഗനൈസേഷൻ പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| സി) വ്യവസായ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണക്കാര്യത്തിൽ വകുപ്പ് നിർവ്വഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ; | സി) തൊഴിൽ ജന്യരോഗങ്ങൾ തടയുന്നതിനായി പരമ്പരാഗത വ്യവസായങ്ങൾ കൂടുതലുള്ള ജില്ലകളിൽ മെഡിക്കൽ പരിശോധന ക്യാമ്പുകൾ നടത്തി വരുന്നു. തൊഴിൽ ജന്യരോഗങ്ങൾ കണ്ടെത്തുന്നതിന് ഒക്കുപ്പേഷണൽ സർവ്വേ നടത്തി വരുന്നു. കൂടാതെ തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി ഒരു ജോയിന്റ് ഡയറക്ടർ(മെഡിക്കൽ)ന്റെ കീഴിൽ ഒരു മെഡിക്കൽ വിഭാഗവും കെമിക്കൽ ഫാക്ടറികൾ പരിശോധിച്ച് അഡ്വൈസ് |

വിഭാഗവും പ്രവർത്തിച്ചു വരുന്നു. തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി എയർ മോണിറ്ററിംഗ് സ്റ്റഡി നടത്തി വരുന്നു. തൊഴിൽ ജന്യ രോഗങ്ങൾ കണ്ടെത്തി ചികിൽസിക്കുന്നതിനായി കൊല്ലം ജില്ലയിൽ ഒരു ഒക്കുപ്പേഷണൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥാപനത്തിന്റെ ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്.

| | |
| --- | --- |
| ഡി) സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്ന കാര്യത്തിലും പരിസ്ഥിതി സംരക്ഷണക്കാര്യത്തിലും തൊഴിൽ ശാലകൾ വീഴ്ചവരുത്തിയാൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | ഡി) മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് അനുസരിച്ച് സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യങ്ങൾ നൽകുന്ന കാര്യം ഉറപ്പു വൂരുത്തുന്നുണ്ട്. പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ അനുസരിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തുന്നതും വകുപ്പിന്റെ ചുമതലയിൽപ്പെടുന്നു. പ്രസ്തുത കാര്യങ്ങളിൽ തൊഴിൽശാലകൾ വീഴ്ച വരുത്തിയാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ